# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/91/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 23/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/91/22 തീയ്യതി: 23/03/2022

## കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. നാരായണ കമ്മത്ത് പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 15-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2022 | 15-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ

ശ്രീ.ജയാനന്ദ എച്ച്.ഓഡിറ്റ് ഓഫീസർ

ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എ.കെ.എം.അഷ്റഫ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുരേന്ദ്രൻ.എൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജവല്ലി.എൻ.എസ് | അസിസ്റ്റന്റ്എക്സി.എഞ്ചിനിയർ | 01-04-2019 | 01-08-2019 |
| സുജ.എ.എം | അസിസ്റ്റന്റ്എക്സി.എഞ്ചിനിയർ | 02-08-2019 | 31-03-2020 |
| സുമ.ഡി.എൽ | അസി.ഡയറക്ടർ കൃഷി(അഡീ.ചാർജ്ജ്) | 01-04-2019 | 24-07-2019 |
| നിഷ മേരി സിറിയക് | അസി.ഡയറക്ടർ കൃഷി | 25-07-2019 | 20-02-2020 |
| നഫീസത് ഹംഷീന.ബി.എച്ച് | അസിസ്റ്റന്റ് ഡയറക്ടർ കൃഷി (ഇൻ.ചാർജ്ജ്) | 21-02-2020 | 02-03-2020 |
| രാജി.എസ് | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 03-03-2020 | 31-03-2020 |
| സുധാമണി.എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| തിരുമലേശ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ജോബി.കെ | അസിസ്റ്റന്റ് എഞ്ചിനിയര് | 01-04-2019 | 30-07-2019 |
| സരീഷ് കുമാർ.പി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ(ഇൻ.ചാർജ്ജ്) | 31-07-2019 | 01-08-2019 |
| മഞ്ജുള.എൻ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ(ഇൻ.ചാർജ്ജ്) | 02-08-2019 | 03-10-2019 |
| ജിയോ ആന്റണി ലെനിൻ.ഇ | അസിസ്റ്റന്റ് എഞ്ചിനിയർ (ഇൻ.ചാർജ്ജ്) | 04-10-2019 | 31-03-2020 |
| ഡോ.ഷൈന.ആർ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മഞ്ചേശ്വരം | 01-04-2019 | 31-03-2020 |
| ഡോ.ചന്ദ്രമോഹൻ.ഇ.വി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി മംഗൽപ്പാടി | 01-04-2019 | 31-03-2020 |
| മോഹമ്മദ് ശാഹിദ്.കെ | പട്ടികവർഗ്ഗ വികസന | 01-04-2019 | 17-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ചന്ദ്രമതി.കെ | പട്ടികവർഗ്ഗ വികസന ഓഫീസർ | 18-03-2020 | 31-03-2020 |
| അജയൻ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| സുധീഷ് കുമാർ.കെ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 17-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 18-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 17-01-2022)<br>Last Updated By: Jayananda. H (Audit Officer, On 17-01-2022) | 1-2 |
| 3 | ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Jayananda. H (Audit Officer, On 17-01-2022)<br>Last Updated By: Jayananda. H (Audit Officer, On 17-01-2022) | 1-2-1 |
| 4 | അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനമില്ല.<br>Written By: Jayananda. H (Audit Officer, On 17-01-2022)<br>Last Updated By: Jayananda. H (Audit Officer, On 17-01-2022) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 12-01-2022)<br>Last Updated By: Jayananda. H (Audit Officer, On 12-01-2022) | 1-3 |
| 6 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Jayananda. H (Audit Officer, On 07-01-2022)<br>Last Updated By: Jayananda. H (Audit Officer, On 14-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം-<br>Written By: Jayananda. H (Audit Officer, On 07-01-2022)<br>Last Updated By: Jayananda. H (Audit Officer, On 14-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Janardanan C (Senior Grade Auditor, On 17-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 17-01-2022) | 1-6 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 12-01-2022)<br>Last Updated By: Jayananda. H (Audit Officer, On 17-01-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 13-01-2022)<br>Last Updated By: Jayananda. H (Audit Officer, On 15-03-2022) | 1-8 |
| 11 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 17-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 02-03-2022) | 1-9 |
| 12 | വാടക രജിസ്റ്റർ സൂക്ഷിക്കാത്തത് സംബന്ധിച്ച്<br>Written By: Janardanan C (Senior Grade Auditor, On 16-01-2022)<br>Last Updated By: Jayananda. H (Audit Officer, On 17-01-2022) | 1-10 |
| 13 | എസ് ടി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയതിലെ അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 16-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 20-01-2022) | 1-11 |
| 14 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Janardanan C (Senior Grade Auditor, On 16-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 08-03-2022) | 1-12 |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 16-01-2022) | 1-13 |

| | | |
|---|---|---|
| | Last Updated By: Janardanan C (Senior Grade Auditor, On 16-01-2022) | |
| 16 | പാലിന് ഇൻസെന്റീവ് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 16-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 20-01-2022) | 1-14 |
| 17 | ടിആർ7എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 16-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 07-03-2022) | 1-15 |
| 18 | എസ് ടി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 16-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 02-03-2022) | 1-16 |
| 19 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 18-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 18-01-2022) | 1-17 |
| 20 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 18-01-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 18-01-2022) | 1-18 |
| 21 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 07-03-2022) | 1-19 |
| 22 | യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി നിർവ്വഹണം അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-01-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 15-03-2022) | 1-20 |
| 23 | മെഡിക്കൽ സി.എച്.സി. മഞ്ചേശ്വരം ആശുപത്രിക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല -നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 08-03-2022) | 1-21 |
| 24 | താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല--നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 08-03-2022) | 1-22 |
| 25 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ - അപാകതനിർവ്വഹണ ഉദ്യോഗസ്ഥൻ -ശിശുവികസന ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 07-03-2022) | 1-23 |
| 26 | കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ -നിർവ്വഹണം- ശിശുവികസന ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 08-03-2022) | 1-24 |
| 27 | വനിതാ ഹെൽത്ത് ക്ലബിന് ഉപകരണങ്ങൾ വാങ്ങൽ - അപാകതനിർവ്വഹണ ഉദ്യോഗസ്ഥ -ശിശുവികസന ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 08-03-2022) | 1-25 |
| 28 | എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിഭാഗത്തിന് വാഹനം വാങ്ങൽസെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ -വിശദീകരണം ലഭ്യമാക്കേണ്ടത്.<br>Written By: Yadavakumara. C.H (Asst. Audit Officer, On 18-01-2022) | 1-26 |

| | | |
|---|---|---|
| | Last Updated By: Priyesh M.K (Computer Assistant, On 22-03-2022) | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 11-01-2022)<br>Last Updated By: Jayananda. H (Audit Officer, On 11-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 14-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 08-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 14-01-2022)<br>Last Updated By: Jayananda. H (Audit Officer, On 14-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കവാൻ അവശേഷിക്കന്നത്<br>Written By: Jayananda. H (Audit Officer, On 12-01-2022)<br>Last Updated By: Jayananda. H (Audit Officer, On 12-01-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 07-01-2022)<br>Last Updated By: Jayananda. H (Audit Officer, On 07-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 07-01-2022)<br>Last Updated By: Jayananda. H (Audit Officer, On 07-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 07-01-2022)<br>Last Updated By: Jayananda. H (Audit Officer, On 07-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 07-01-2022)<br>Last Updated By: Priyesh M.K (Computer Assistant, On 22-03-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 07-01-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 12-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 12-01-2022)<br>Last Updated By: Jayananda. H (Audit Officer, On 14-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 05-01-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 08-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2019-20 | |
| 4 | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2019-20 | |
| 5 | 31.03.2020ലെ ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1തീയതി 27-02-2019 | റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല. |
| മുന്നിരിപ്പ് | 97,20,096 | |
| വരവ് | 10,92,70,141 | |
| ആകെ | 11,89,90,237 | |
| ചെലവ് | 11,23,63,382 | |
| നീക്കിയിരിപ്പ് | 66,26,855 | |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2020 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

#### 1-2-2 അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനമില്ല.

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള

സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പു വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ലെ അഡ്വാൻസ് തുകകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2019-20 |
| മുന്നിരിപ്പ് | 4,24,78,247 |
| വരവ് | 3,87,81,712 |
| ആകെ | 8,12,59,959 |
| ചെലവ് | 3,94,63,411 |
| നീക്കിയിരിപ്പ് | 4,17,96,548 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (20 19-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 5,75,74,000 | 5,75,74,000 | 2,37,89,189 | 3,37,84,811 | 41.31 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,05,48,000 | 1,05,48,000 | 43,99,192 | 61,48,808 | 41.70 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 18,36,000 | 18,36,000 | 11,50,000 | 6,86,000 | 62.63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 75,55,000 | 75,55,000 | 31,27,391 | 44,27,609 | 41.39 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,37,89,189 | 2,37,89,189 | 2,37,89,189 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 43,99,192 | 43,99,192 | 43,99,192 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 11,50,000 | 11,50,000 | 11,50,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 31,27,391 | 31,27,391 | 31,27,391 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 63,73,654 | 41,18,400 | 1,04,92,054 | 39,23,816 | 65,68,238 |
| എസ്.ബി.ടി-പ്ലാൻ | 14,12,987 | 2,20,928 | 16,33,915 | 1,74,269 | 14,59,646 |
| കോർപ്പറേഷൻ ബാങ്ക്(SHG)4519 | 8285 | 294 | 8,579 | ഇല്ല | 8,579 |
| സഹകരണ ബാങ്ക് 3484 | 4,96,377 | 17,724 | 5,14,101 | ഇല്ല | 5,14,101 |
| എസ്.ബി.ടി<br>IAY പ്ലാൻ5559 | 2,60,04,725 | 9,87,129 | 2,69,91,854 | 1,40,000 | 2,68,51,854 |
| കോർപ്പറേഷൻ ബാങ്ക് ടി.എസ്.സി2648 | 15,28,347 | 96948 | 16,25,295 | ഇല്ല | 16,25,295 |
| കോർപ്പറേഷൻ ബാങ്ക് 4649 | 39,23,317 | 1,49,202 | 40,72,519 | 10,000 | 40,62,519 |
| IAY ടി.എസ്.സി കോർപ്പറേഷൻ ബാങ്ക് 5251 | 1,06,055 | 3761 | 1,09,816 | ഇല്ല | 1,09,816 |
| ഴ്ഷറി TSB-joint Venture | 26,14,500 | ഇല്ല | 26,14,500 | 20,18,000 | 5,96,500 |

1-5 പദ്ധതി അവലോകനം-

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 10,70,39,132 | 56 | 3,26,60,943 | 0 | 75 | 42.74 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 23 | 2,03,43,447 | 9 | 77,46,327 | 38.07 |
| 2 | അസി.എക്സി.എഞ്ചിനിയർ | 6 | 1,74,24,313 | 1 | 15,00,000 | 08.60 |
| 3 | അസി.എഞ്ചിനിയർ | 61 | 3,60,94,855 | 17 | 91,16,540 | 25.25 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 8 | 53,99,900 | 4 | 31,13,465 | 57.65 |
| 5 | പട്ടികജാതി വികസന ഓഫീസർ | 4 | 52,08,316 | 4 | 39,67,933 | 76.18 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 19 | 55,80,301 | 15 | 38,09,240 | 68.26 |
| 7 | പട്ടികവർഗ്ഗ വികസന ഓഫീസർ | 2 | 16,00,000 | 2 | 11,50,000 | 71.87 |

| | | | | | | |
|---|---|---|---|---|---|---|
| 8 | വ്യവസായ വികസന ഓഫീസർ | 3 | 45,00,000 | 1 | 2,40,000 | 05.33 |
| 9 | അസിസ്റ്റന്റ് ഡയറക്ടർ/വെറ്റിനറി സർജ്ജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 16,20,000 | 2 | 2,20,938 | 13.63 |
| 10 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 3 | 92,68,000 | 1 | 17,96,500 | 19.38 |
| | ആകെ | 131 | 10,70,39,132 | 56 | 3,26,60,943 | 30.51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 25219.50 | 9,63,623 | 9,88,842.50 | 5,68,409 | 4,20,433.50 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-01-2022ന് 3 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പൊതു നിയന്ത്രണം

(1) മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| തസ്തികയുടെ പേര് | അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം | നിലവിൽ ജീവനക്കാരുടെ എണ്ണം |
|---|---|---|
| സെക്രട്ടറി | 1 | 1 |
| ജോയിന്റ് ബി.ഡി.ഒ(ഇ.ജി.എസ്) | 1 | 1 |
| ജോയിന്റ് ബി.ഡി.ഒ(ആർ.എച്ച്) | 1 | 1 |

| | | |
|---|---|---|
| ഹെഡ് ക്ലാർക്ക് | 1 | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 | 1 |
| സീനിയർ ക്ലർക്ക് | 2 | 2 |
| ക്ലർക്ക് | 1 | 1 |
| യു.ഡി.ടൈപ്പിസ്റ്റ്. | 1 | 1 |
| എക്സ്റ്റൻഷൻ ഓഫീസർ(പി &എം) | 1 | 1 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 |
| എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 1 | 1 |
| ഡ്രൈവർ-സീനിയർ ഗ്രേഡ് | 1 | 1 |
| ഓഫീസ് അറ്റന്റന്റ് | 2 | 2 |
| പി.ടി.എസ് | 1 | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 18 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 25 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നനില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യേഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ

പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-02-2021 | 01-04-2018 മുതൽ 31-03-2019 വരെ | 03-03-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-03-2015 മുതൽ 04-03-2015 വരെ | 01-08-2010 മുതൽ 28-02-2015 വരെ | 01-04-2015 |

## 1-10 വാടക രജിസ്റ്റർ സൂക്ഷിക്കാത്തത് സംബന്ധിച്ച്

2019-20 വർഷത്തെ വാർഷിക കണക്ക് പ്രകാരം വാടകയിനത്തിൽ 44,000/-രൂപ പിരിച്ചെടുക്കാൻ

ബാക്കിയുള്ളതായി കാണുന്നു. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് വാടക പിരിച്ചെടുക്കുന്നത് എന്നതു സംബന്ധിച്ച വാടക രജിസ്റ്റർ ,വാടക ഈടാക്കുന്നതു സംബന്ധിച്ച ബൈലോ എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.2/19-20 തീയതി 13.01.2022 ന് മറുപടി നല്കിയിട്ടില്ല.

1-11 എസ് ടി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0072/20 |
| പ്രോജക്ടിന്റെ പേര് | മെറിറ്റോറിയൽ സ്കോളർഷിപ്പ് (എസ്.ടി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ<br>എന്മകജെ |
| അടങ്കൽ | 10,00,000/-രൂപ<br>വികസന ഫണ്ട് (ടി.എസ്.പി) |
| ചെലവ് തുക | 10,00,000/-രൂപ |
| ബിൽ നമ്പർ, തീയതി | 01/19-20 തീയതി. 07.09.2019 RS. 6,10,000/-<br>02/19-20 തീയതി.28.09.2019 RS.3,90,000/-<br>ആകെ = 10,00,000/-രൂപ |

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രൊജക്ട് നമ്പർ. S0072/20 പ്രകാരം വികസന ഫണ്ടിൽ (ടി.എസ്.പി) നിന്ന് 10,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 22.08.2019 തീയ്യതിയിലെ (5) 5-ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 7 ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ അംഗീകരിച്ച 30 വിദ്യാർത്ഥികൾക്ക് ആകെ 10,00,000/-രൂപ സ്കോളർഷിപ്പ് തുക വിതരണം ചെയ്തിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയപ്പോൾ താഴെകൊടുത്ത അപാകത ശ്രദ്ധയിൽപെടുകയുണ്ടായി.

നിലവിൽ ജില്ലാ പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസറിൽ നിന്നും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ആരും തന്നെ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.11/19-20 തീയതി 14-01-2022ന് മറുപടി നല്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 10,00,000 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

1-12 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത്

എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 18 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 54,239/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

## 1-13 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കുവരുത്തിയ തുകയിൽ നിന്നും മേൽ പ്രകാരം തുക മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-14 പാലിന് ഇൻസെന്റീവ് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

2019-20 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ പാലിന് ഇൻസെന്റീവ് എന്ന പദ്ധതിയിൽ താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട് .( പ്രോജക്ട് നം.7/19-20)

| ക്രമ നം | ബിൽ നം.തീയതി | തുക | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1. | 1/19-20,21-01-2020 | 82,135 | ലഭ്യമല്ല |
| 2. | 2/19-20,21-01-2020 | 96,004 | ലഭ്യമല്ല |
| 3. | 4/19-20,21-01-2020 | 938 | ലഭ്യമല്ല |
| 4. | 8/19-20,16-03-2020 | 8593 | ലഭ്യമല്ല |
| 5. | 9/19-20,20-03-2020 | 13,268 | ലഭ്യമല്ല |
| ആകെ | | 2,00,938 | |

ഇത് സംബന്ധിച്ച് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ തുക നല്കിയെന്നും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവു തുകയായ 2,00,938 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.04/19-20 തീയതി 13.01.2022ന് മറുപടി നല്കിയിട്ടില്ല.

## 1-15 ടിആർ7എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൻെറ ഭാഗമായി, ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും ജി.ഒ.(പി.)നം.177/2006/ഫിൻ/തിയ്യതി.12/04/2006 പ്രകാരമുള്ള ടി.ആർ.7എ ക്യാഷ് ബുക്ക് സൂക്ഷിക്കണമെന്ന് ഉത്തരവിൽനിഷ്കർഷിക്കുന്നു. എന്നാൽ, നിർവ്വഹണ ഉദ്യോഗസ്ഥയായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റിന് സമർപ്പിച്ച ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിലല്ല. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം.03/19-20 തീയതി 13-01-2022ന് മറുപടി നല്കിയിട്ടില്ല.നിശ്ചിത മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-16 എസ് ടി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0075/20 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണ ധനസഹായം (എസ്.ടി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്മകജെ |
| അടങ്കൽ | 4,68,800/-രൂപ<br>വികസന ഫണ്ട് (ടി.എസ്.പി) |
| ചെലവ് തുക | 1,50,000/-രൂപ |
| ബിൽ നമ്പർ, തീയതി | 03/19-20 തീയതി. 16-03-2020 RS. 1,50,000/-<br>ആകെ = 1,50,000/-രൂപ |

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി പ്രൊജക്റ്റ് നമ്പർ. S0075/20 പ്രകാരം വികസന ഫണ്ടിൽ (ടി.എസ്.പി) നിന്ന് 1,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 26.11.2019 തീയ്യതിയിലെ (9) 9-ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 3 ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ അംഗീകരിച്ച 3 വിദ്യാർത്ഥികൾക്ക് ആകെ 1,50,000/-രൂപ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയപ്പോൾ താഴെകൊടുത്ത അപാകത ശ്രദ്ധയിൽപെടുകയുണ്ടായി.

ശശികുമാർ S/O രാജ്ഞ അഡ്ക്കത്തഗുരി,മിയാപദവ് എന്ന വിദ്യാർത്ഥി ഏതു സ്ഥാപനത്തിലാണ് പഠിക്കുന്നതെന്ന സാക്ഷ്യപത്രം ഹാജരാക്കിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.12/19-20 തീയതി 14-01-2022ന് മറുപടി നല്കിയിട്ടുണ്ട്.ഭാവിയിൽ ഇതുപോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഏത് കോഴ്സിനാണ് പഠിക്കുന്നതെന്നുള്ള സർട്ടിഫിക്കറ്റ് ഫയലിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

## 1-17 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നെൽകൃഷിക്ക് കൂലിച്ചെലവ് (പ്രോ.നം.0031/20), എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിർവഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ എസ് സി വിഭാഗക്കാർക്ക് തൊഴിലിന ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി (പ്രോ.നം.0033/20) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.(മൊത്തം അടങ്കൽ-23,00,000രൂപ, ചെലവ്-2,40,000രൂപ-വികസന ഫണ്ട് എസ് സി പി) നിർവഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 64,78,630 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | കന്നഡ ഹൈയർ സെക്കണ്ടറി തുല്യതാ | 29/17.07.2019 | 2,00000 | ജില്ലാ പഞ്ചായത്ത് കാസറഗോഡ് A/C72001140000019 |
| 2 | സെക്രട്ടറി | 06/20 ഭാഷ സർട്ടിഫിക്കറ്റ് | 151/03.03.2020<br>152/03.03.2020 | 50,000/-<br>49000/- | ഡയറക്ടർ കേരള ലിറ്ററസി മിഷൻ A/C 38444973213 |
| 3 | സെക്രട്ടറി | 05/20 പത്താംതര തുല്യതാ പരീക്ഷ ഫീസ് അടവ് | 188/14.03.2020<br>187/13.03.2020<br>186/14.03.2020<br>185/14.03.2020<br>153/03.03.2020 | 8800/-<br>48400/-<br>48000/-<br>48000/-<br>26250/- | ഡയറക്ടർ കേരള ലിറ്ററസി മിഷൻ A/C 057026996123 |
| 4 | സെക്രട്ടറി | 12/20 ലൈഫ് ഭവന നിർമ്മാണ ബ്ലോക്ക് വിഹിതം | 155/10.03.2020<br>172/14 /03/2020<br>184/16.03.2020<br>126/25.02.2020<br>127/25.02.2020<br>148/03.03.2020 | 40000/-<br>956890/-<br>1398490/-<br>2859800/-<br>240000/-<br>440000/- | വിവിധ ഗ്രാമ പഞ്ചായത്തുകൾ(പഞ്ചായത്തുകളുടെ വിവരം ലഭ്യമാക്കാണ്ടതാണ്)വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താകളുടെ വിവരം, പ്രവൃത്തി പൂർത്തീകരണ വിവരമുള്ള രജിസ്റ്റർ,ഫീൽഡ് പരിശോധനാ രജിസ്റ്റർ എന്നിവ ലഭ്യമാക്കാണ്ടതാണ്. |
| 5 | സെക്രട്ടറി | 23/2019 IKMബ്ലോക്ക് വിഹിതം | 23/25.062019 | 65,000/- | IKM കേരള A/C 57047023512 |
| | | | ആകെ | 64,78,630 | |

ഓഡിറ്റ് എൻക്വയറി നം. 06/20തീയ്യതി 13-01-2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആവശ്യപ്പെട്ട രേഖകൾ മുഴുവൻ ഹാജരാക്കുന്നതു വരെ ചെലവ് തുക 64,78,630/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-20 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി നിർവ്വഹണം അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.133/20

അടങ്കൽ - 2,40,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 1,10,000/-രൂപ

1. ബിൽ നം.28/2019-20/17.7.2019 – 40,000/-രൂപ

2.ബിൽ നം.58/2019-20/28.9.2019 – 30,000/-രൂപ

3.ബിൽ നം.73/2019-20/29.112019 – 40,000/-രൂപ

സൂചന-1)ജി.ഒ(എം.എസ്)28/2017/സാംസ്കാരിക വകുപ്പ്/തിയ്യതി-10.10.2017

2)സർക്കുലർ നം.62/സി.ബി.2/18/തിയ്യതി-3.3.2018/തസ്വഭവ(സി.ബി)വകുപ്പ്

കേരളത്തിന്റെ സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച ക്ലസ്റ്ററുകളിൽ വിന്യസിച്ച് ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന കമ്മ്യൂണിറ്റി ഹാളുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിൽ വച്ച് കുട്ടികൾക്കും യുവാക്കൾക്കും കലാപരിശീലനം നൽകുന്നതാണ് പദ്ധതി.

ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 4 കലാകാരന്മാരെ വിന്യസിക്കുകയും അവർ 2019 ഏപ്രിൽ മാസം മുതൽ വിവിധ കലാവിഷയങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ഇവർ പരിശീലനം നൽകിയത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.സതീശ.കെ - പെയിന്റിങ്ങ്

2..മോഹൻ -”

3.രതീശ്.ടി- തിരുവാതിര

4.രാഹുൽ - പൂരക്കളി

വിവിധ മാസങ്ങളിൽ ക്ലസ്റ്റർ കൺവീനർ പരിശീലനം നൽകിയ തീയ്യതികൾ സംബന്ധമായി നൽകുന്ന പത്രിക, സാംസ്കാരിക വകുപ്പ് നൽകുന്ന സാക്ഷ്യപത്രം എന്നിവ അടിസ്ഥാനമാക്കിയാണ് തുക നൽകിയിട്ടുള്ളത്. 2019 ജൂലൈ മാസം മുതൽ നവംബർ വരെ ആകെ 5 മാസം പരിശീലനം നൽകിയതിന് മേൽ ബില്ലുകൾ പ്രകാരം ഈ 4 കലാകാരന്മാർക്ക് ആകെ 1,10,000/- രൂപ നൽകിയിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ എ-5/2939/17/സാം.വ/തിയ്യതി - 23.7.2018 പ്രകാരമുള്ള ഈ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്നവ പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ടോ എന്നതിന് ആധാരമായ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

1.പദ്ധതി മാർഗ്ഗരേഖയിലെ ക്രമ നമ്പർ(iv)-ii-ജനപ്രതിനിധികളും ഉദ്യോഗസ്ഥ നേതൃത്വവും ചേർന്ന് പരിശീലന കേന്ദ്രങ്ങൾ നിർണ്ണയിച്ച് തിട്ടപ്പെടുത്തുകയും കൃത്യമായ സമയ ക്രമം നിശ്ചയിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം.

2.ക്രമ നമ്പർ(iv)-iii- തെരഞ്ഞെടുക്കപ്പെട്ട പരിശീലന കേന്ദ്രത്തിന് ഒരു ക്രമ നമ്പർ നൽകേണ്ടതും തിരിച്ചറിയാനായി പദ്ധതി ലോഗോ സഹിതം സൈൻ ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

3.ക്രമ നമ്പർ(iv)-iv- ഓരോ ക്ലസ്റ്ററിലും ഉൾപ്പെടുന്ന പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനായി പ്രസിഡന്റ്, അംഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ, യുവകലാസമിതി പ്രവർത്തകർ

എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കണം.

4. ക്രമ നമ്പർ(iv)-vii- ഓരോ പരിശീലന കേന്ദ്രത്തിലും പഠിതാക്കളെ തെരെഞ്ഞെടുക്കുന്നതിന് അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, കലാസാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഫെല്ലോഷിപ്പ് കാലാകാരന്മാർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തിക്കണം.

5.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (V) – നിശ്ചിത ഇടവേളകളിൽ ജില്ലാ തലത്തിൽ ഫെല്ലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും കലാവതരണം നടത്തണം.

6.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Vi) – കലാപരിശീലനത്തിനും അവതരണത്തിനും ആവശ്യമായ വാദ്യോപകരണങ്ങൾ, ചമയങ്ങള്, ആടയാഭരണങ്ങൾ എന്നിവ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവ ലഭിച്ചിട്ടുണ്ടെങ്കിൽ ഇതു സംബന്ധമായ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Vii)- പദ്ധതിയുടെ ഏകോപനം, വിലയിരുത്തൽ എന്നിവയ്ക്ക് ജില്ലാ കോർഡിനേറ്റർമാരെ നിയമിക്കണം. പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രതിമാസ അവലോകന റിപ്പോർട്ട് ജില്ലാ കോർഡിനേറ്റർമാർ തയ്യാറാക്കണം.

8.പദ്ധതിയുടെ മാർഗ്ഗരേഖയിലെ ക്രമ നമ്പർ (Viii)- പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ കൈവരിക്കുന്ന പുരോഗതി അവലോകനം, ഫെല്ലോഷിപ്പ് കാലാകാരന്മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, അവർ സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളുടെ എണ്ണം, പഠിതാക്കളുടെ വിശദവിവരങ്ങൾ, ഹാജർ എന്നിവ സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ മുഴുവൻ ഹാജരാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം. 06/20തീയ്യതി 13-01-2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആവശ്യപ്പെട്ട രേഖകൾ മുഴുവൻ ഹാജരാക്കുന്നതു വരെ ചെലവ് തുക 1,10,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-21 മെഡിക്കൽ സി.എച്.സി. മഞ്ചേശ്വരം ആശുപത്രിക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല -നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സി.എച്.സി. (മഞ്ചേശ്വരം )യിലേക്ക് മരുന്നുകൾ വാങ്ങിയത് സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം. 22/2018 തസ്വഭവ തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 4,14,723/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം&പ്രോജക്ട് പേര് | ബിൽ നം. & തീയതി | സിവിൽ സപ്ലൈസ് കോർപ്പറേഷനിലേക്ക് നൽകിയ തുക |
|---|---|---|---|
| 1 | 52/2019-20 സെക്കണ്ടറി പാലിയേറ്റീവ് കെയർമരുന്ന് വാങ്ങൽ | 23/2020 /23.09.2020 | 17,270 |
| 2 | 59/2019-20 | 2/2020 | 1,95,171 |

| | | | |
|---|---|---|---|
| | സെക്കണ്ടറി പാലിയേറ്റീവ് കെയര് മരുന്ന് വാങ്ങൽ | /17.03.2020 | |
| 3 | 59/2019-20 സെക്കണ്ടറി പാലിയേറ്റീവ് കെയര് മരുന്ന് വാങ്ങൽ | 7/2020 /27.11.2019 | 2,02,282 |
| | | | 4,14,723 |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ (ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാല താമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേന സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല.

ഭാവിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ച് സി എച്.സി.ആശുപത്രിക്ക് മരുന്ന് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 8/20 തീയ്യതി 13-01-2022)

1-22 താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല-- നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മംഗൽപാടി താലൂക്ക് ഹോസ്പിറ്റലിലേക്ക് മരുന്നുകൾ വാങ്ങിയത് സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം. 22/2018 തസ്വഭവ തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവു എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 9,61,214/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം&പ്രോജക്ട് പേര് | ബിൽ നം. & തീയതി | സിവിൽ സപ്ലൈസ് കോർപ്പറേഷനിലേക്ക് നൽകിയ തുക |
|---|---|---|---|
| 1 | 59/2019-20 സെക്കണ്ടറി പാലിയേറ്റീവ് കെയർ | 16/2020 /20.12.2020 | 1,92,538 |
| 2 | 59/2019-20 സെക്കണ്ടറി പാലിയേറ്റീവ് കെയർ | 18/2020 /23.01.2020 | 59,950 |
| 3 | 59/2019-20 സെക്കണ്ടറി പാലിയേറ്റീവ് കെയർ | 23/2020 /23.01.2020 | 1,09,293 |

| | | | |
|---|---|---|---|
| 4 | 59/2019-20 സെക്കണ്ടറി പാലിയേറ്റീവ് കെയർ | 30/31.03.2020 | 67,795 |
| 5 | 68/2019-20 താലൂക്ക് ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ | 5/05.10.2020 | 1,39,666 |
| 6 | 68/2019-20താലൂക്ക് ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ | 7/05.10.2020 | 3,51,798 |
| 7 | 68/2019-20താലൂക്ക് ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ | 14/20.12.2020 | 40,174 |
| | | | 9,61,214 |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ (ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാല താമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേന സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല.

ഭാവിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ച് താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 07/21 തീയ്യതി 13-01-2022)

1-23 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ - അപാകതനിർവ്വഹണ ഉദ്യോഗസ്ഥൻ -ശിശുവികസന ഓഫീസർ

| പ്രോജക്ട് നം. /പദ്ധതിയുടെ പേര് | ചെലവ് തുക | ട്രഷറി ബിൽ നമ്പർ, തീയതി | തുക നൽകിയത് | സൈഡ് വീൽ സ്കൂട്ടർ എണ്ണം |
|---|---|---|---|---|
| 100/20 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ | 1,62,000 | 01/0205.2019 | KELTRON IN NO.P152R/25.03.2019 A/C No.1064343820 | 2 |

ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ എന്ന പദ്ധതിക്കായി ആകെ 1,62,000/- രൂപയാണ്

വകയിരുത്തി ചെലവഴിച്ചത്. 2 പേർക്ക് സൈഡ് വീൽ സ്കൂട്ടർ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. വിതരണത്തിനായി കൊണ്ടുവന്ന സൈഡ് വീൽ സ്കൂട്ടർ 2 എണ്ണവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ പേര് 1) അയിത്തപ്പ നായ്ക്ക് 2)) മോനപ്പ പൂജാരി

ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ നൽകിയ ഗുണഭോക്താക്കളുടെ വണ്ടി രജിസ്ട്രേഷൻ സാക്ഷ്യപത്രം, ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് ,ഇൻഷുറൻസ് വിവരം, ജില്ലാ പഞ്ചായത്ത് / ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ രൂപ തടസ്സപ്പെടുത്തുന്നു.

1-24 കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ -നിർവ്വഹണം- ശിശുവികസന ഓഫീസർ

2019-20 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന തുക കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | 22/2020 കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന് ബ്ളോക്ക്പഞ്ചായത്ത് വിഹിതം | 3/ 25.07.2019 10,00,000 | കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ AC/70101140000134 |

ഇപ്രകാരം കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 10,00,000 രൂപ തടസ്സപ്പെടുത്തുന്നു . (ഓഡിറ്റ് എൻക്വയറി നം. 10 /തീയ്യതി 13-01-2022)

1-25 വനിതാ ഹെൽത്ത് ക്ലബിന് ഉപകരണങ്ങൾ വാങ്ങൽ - അപാകതനിർവ്വഹണ ഉദ്യോഗസ്ഥ -ശിശുവികസന ഓഫീസർ

| പ്രോജക്ട് നം. /പദ്ധതിയുടെ പേര് | ചെലവ് തുക | ട്രഷറി ബിൽ നമ്പർ, തീയതി | തുക നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1/20<br>വനിതാ ഹെൽത്ത് ക്ലബിന് ഉപകരണങ്ങൾവാങ്ങൽ | 4,86,500 | 04/30.04.2019 | Karavali Fitness IN No.237/25.03.2019 A/C No.50200032814556 |

വാങ്ങിയ സാധനങ്ങളുടെ വിവരം

| ക്രമ നം | വിവരം | എണ്ണം | തുക | ആകെ |
|---|---|---|---|---|
| 1 | Motorised Treadmill | 2 | 1,05,084.75 | 2,10,169.49 |
| 2 | Eliptical Cross Trainer | 3 | 30,932.20 | 92,706.61 |
| 3 | Spin Bike | 3 | 26,694.92 | 80,084.75 |
| 4 | Crunches Machine | 1 | 29,237.29 | 29,237.29 |
| 5 | IGST 18% | - | - | 74,211.86 |
| | | | Total | 4,86,500 |

വനിതാ ഹെൽത്ത് ക്ലബിന് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിക്കായി ആകെ 4,86,500/- രൂപയാണ് വകയിരുത്തി ചെലവഴിച്ചത്. 16.03.2020-തീയതിയിലെ സാധാരണ യോഗ തീരുമാനം നമ്പർ 5/1 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ ഹെൽത്ത് ക്ലബ് എന്ന പേരിൽ കരാവളി ഫിറ്റ്നെസ് മംഗലാപുരം എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികളിൽ നിലവിലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) നം.259/2010/തസ്വഭവ തിയതി 08.11.2010) പ്രകാരം 1,00,000 രൂപയിൽ അധികം അടങ്കലുള്ള എല്ലാ വാങ്ങൽ നടപടികളും ഓപ്പൺ ടെണ്ടർ മുഖേനയാണ് നടത്തേണ്ടത്. എന്നാൽ 4,86,500 ലക്ഷം രൂപ അടങ്കലുള്ള മേൽ പദ്ധതി നടത്തിപ്പുമായി ടെണ്ടർക്ഷണിച്ചത് ,കരാർ ചമച്ചത് എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വാങ്ങൽ നടപടികളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിയ വനിതാ ഹെൽത്ത് ക്ലബിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ചത്, ഉപകരണങ്ങൾ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

വനിതാ ഹെൽത്ത് ക്ലബ് ഭാരവാഹികളുടെ രജിസ്റ്റർ വിവരം, വിദഗ്ധ പരിശീലനം നല്കുന്നവരുടെ വിവരം, എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വനിതാ ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം കൂടിഅറിയിക്കേണ്ടതാണ്.മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 4,86,500 തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 11തീയ്യതി 13-01-2022)

1-26 എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിഭാഗത്തിന് വാഹനം വാങ്ങൽസെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ -വിശദീകരണം ലഭ്യമാക്കേണ്ടത്.

| | |
|---|---|
| പ്രോജക്ട് നം. /പേര് | 134/2021-എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിഭാഗത്തിന് വാഹനം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 8,00000 |
| ചെലവ് തുക | 7,53,880 |
| ട്രഷറി ബിൽ നമ്പർ, തീയതി | 74/29.11.2019 |
| തുക നൽകിയ സ്ഥാപനത്തിന്റെ പേര് /അക്കൗണ്ട് നം. | മഹീന്ദ്ര &മഹീന്ദ്ര A/C No 22205260337 |

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യത്തിനായാണ് എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാങ്ങൽ -എന്ന പദ്ധതി വിഭവനം ചെയ്തത്. ഇതിനായി ആകെ 7,53,880 /- രൂപയാണ് വകയിരുത്തി ചെലവഴിച്ചത്. വാഹനത്തിന്റെ വിവരം താഴെ ചേർക്കുന്നു.

1)വാഹനത്തിന്റെ രജിസ്റ്റർ നമ്പർ-KL 14Y 6229-Mahindra YUV 300

2)രജിസ്റ്റർ തീയതി-19.11.2019/സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

പദ്ധതി പ്രകാരം ലഭ്യമായ വാഹനം നാളിതുവരെയായും (18.01.2022) എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടില്ല. ടി വാഹനം സെക്രട്ടറിയാണ് ഉപയോഗിക്കുന്നത്. എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിഭാഗത്തിന് ലഭ്യമാക്കിയ വാഹനത്തിന് Order No.A2-248/2015 /CE/LSGD(9) Dated.28.02.2019 പ്രകാരം Renjithsam S.V. എന്നവരെ Driver Post ൽ നിയമിച്ചിട്ടുണ്ട്.((place Of Posting Assistant Executive Engineer LSGD Sub Division Manjeshwar Block Panchayath Kasaragod In The Scale Of 18000-41500) വാഹനം എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യത്തിനായി KL14-M-945 Mahindra Bolero SLE-ZWD 23.08.2012 മോഡൽ വാഹനം നിലവിലുണ്ട്. വാഹനത്തിന് Driver Post ഉള്ളതുമാണ്.രണ്ട് വാഹനം സെക്രട്ടറി ഉപയോഗിക്കുന്നതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 11-01-2022& 13-01-2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്&നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,95,171 | 52/19-20പാലിയേറ്റിവ് കെയർ | 1,95,171 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

### 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | വർഷം | | | |
| 1997-98 Exp. | 2.4 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. ( 3 പ്രവൃത്തികൾ) | രണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>ഒന്ന് RR -വിവരങ്ങൾ നല്കിയിട്ടില്ല<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1998-99 Exp. | 2.2 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. ( 11പ്രവൃത്തികൾ) | നാല് പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>6 എണ്ണം RR -വിവരങ്ങൾ നല്കിയിട്ടില്ല<br>1 തുക ഈടാക്കി<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1999-00 Exp. | 2.5 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (8പ്രവൃത്തികൾ) | ഒരു പ്രവൃത്തി പൂർത്തീകരിച്ചു.<br>3 എണ്ണം RR -വിവരങ്ങൾ നല്കിയിട്ടില്ല<br>3 എണ്ണം തുക ഈടാക്കി<br>1 ഡ്യൂപ്ലിക്കേഷൻ -(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2000-01 Exp. | 2.3 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (3പ്രവൃത്തികൾ) | RR വിവരങ്ങൾ നല്കിയിട്ടില്ല<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2001-02 Exp. | 2.3 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (1പ്രവൃത്തി) | RR വിവരങ്ങൾ നല്കിയിട്ടില്ല<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1997-98 പ്ലാൻ | 2-3 | 2007-08 | ഖ.3.66.3 | KSEBയിൽ തുക നിക്ഷേപിച്ചത് യു.സി ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി<br>തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്യു<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |

| | | | | | |
|---|---|---|---|---|---|
| 2000-01 പ്ലാൻ | 2-5 | 2007-08 | ഖ.3.66.3 | KSEBയിൽ തുക നിക്ഷേപിച്ചത് യു.സി ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്യു (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2001-02 പ്ലാൻ | 2-1 | 2007-08 | ഖ.3.66.3 | KSEBയിൽ തുക നിക്ഷേപിച്ചത് യു.സി ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്യു (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് പ്രകാരം ഈടാക്കിയ/ഈടാക്കുവാനുള്ള തുക

ഇല്ല.

(ബി) സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് പ്രകാരം ഈടാക്കിയ/ ഈടാക്കുവാനുള്ള തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | സർ ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക ,(തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2015-16 | 3-4 Part | ജോബി കെ (അസി. എഞ്ചിനിയർ) | KSA.6774/ Spl.cell/ Csc/c2/2018 | 4338 | 0 | | | | 0 | 4338 | തുക ഈടാക്കിയിട്ടില്ല |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 20.3.2020 | | | | | | | | |
| 2 | 2015-16 | 3-5 | ജോബി കെ (അസി. എഞ്ചിനിയർ) | KSA.6774/ Spl.cell/ Csc/c2/2018 20.3.2020 | 6709 | | | | | | 6709 | -ടി |
| 3 | 2015-16 | 3-6 | ജോബി കെ (അസി. എഞ്ചിനിയർ) | KSA.6774/ Spl.cell/ Csc/c2/2018 20.3.2020 | 5200 | | | | | | 5200 | -ടി- |
| 4 | 2015-16 | 3-7 | ജോബി കെ (അസി. എഞ്ചിനിയർ) | KSA.6774/ Spl.cell/ Csc/c2/2018 20.3.2020 | 33986 | | | | | | 33986 | -ടി- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,87,81,712 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,94,63,411 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 82,37,130 |

(ബി). ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2,00,938 | അജയൻ,<br>ക്ഷീര വികസന ഓഫീസർ |
| 1-19 | 64,78,630 | സുരേന്ദ്രൻ.എൻ,<br>സെക്രട്ടറി |
| 1-20 | 1,10,000 | |
| 1-23 | 1,62,000 | സുധാമണി.എസ്,<br>ശിശു വികസന പദ്ധതി ഓഫീസർ |
| 1-24 | 10,00,000 | |
| 1-25 | 4,86,500 | |
| ആകെ | 82,37,130 | |

(സി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | No.LF.KSD6-1099/2014(1)Dt-10.06.2015 | 12 |
| 1998-99 | No.LF.KSD6-1099/2014(2)Dt-10.06.2015 | 13 |
| 1999-00 | No.LF.KSD6-1099/2014(3))Dt-10.06.2015 | 5 |
| 2000-01 | No.LF.KSD6-1099/2014(4)Dt-10.06.2015 | 4 |
| 2001-02 | No.LF.KSD6-1099/2014(5)Dt-10.06.2015 | 3 |
| 2002-03 | No.LF.KSD6-1099/2014(6)Dt-10.06.2015 | 2 |
| 2003-04 | No.LF.KSD6-1099/2014(7)Dt-10.06.2015 | 13 |
| 2004-05 | No.LF.KSD6-1099/2014(8)Dt-10.06.2015 | 3 |
| 2005-06 | No.LF.KSD6-1099/2014(9)Dt-10.06.2015 | 1 |
| 2006-07 | No.LF.KSD6-1099/2014(10)dt-10.06.2015 | 3 |
| 2007-08 | No.LF.KSD6-1099/2014(11)dt-10.06.2015 | 2 |
| 2008-09 | No.LF.KSD6-1099/2014(12)dt-10.06.2015 | 7 |
| 2009-10&10-11 | No.LF.KSD8-198/2013 Dt. 04.06.2013 | 7 |
| 2011-12 | No.LF.KSD8-442/2011 Dt. 27.09.2013 | 6 |
| 2012-13&13-14 | No.LF.KSD6-824/2014 Dt. 15.01.2015 | 15 |

| | | |
|---|---|---|
| 2014-15 | No.KSA.KSD-5/1245/2015 Dt. 16.12.2015 | 7 |
| 2015-16 | KSA-KAD5/203 /2017dt.10.04.2017 | 10 |
| 2016-17 | No. KSA.KSD-5/1146/2017 Dt 14-11-2017 | 14 |
| 2017-18 | No. KSA.KSD-5/168/2020 Dt 20-02-2019 | 14 |
| 2018-19 | No. KSA.KSD-5/14/2021 Dt 18-01-2021 | 4 |

അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2019-20

| | | | |
|---|---|---|---|
| Manjeshwar Block Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 110799.00 |
| 150000000 | Sale & Hire Charges | I-5(b) | 3930.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 35644436.00 |
| 171000000 | Interest Earned | I-8 | 0.0 |
| | Total Income | | 35759165.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1987039.00 |
| 220000000 | Administrative Expenses | I-11(b) | 781769.00 |
| 230000000 | Operations & Maintenance | I-12(b) | 625141.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3551689.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19011418.00 |
| 252000000 | Decentralised Plan Programme- | I-14(b) | 6276140.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 67710.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 697750.00 |
| 255000000 | Maintenance Projects | I-14(e) | 2579794.00 |
| | Total Expenditure | | 35578450.00 |
| | Gross Surplus/ Deficit of income over Expenditure | | 180715.00 |
| 280000000 | Prior Period Item | I-18 | 127018.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 53697.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2019-20

| | | | |
|---|---|---|---|
| Manjeshwar Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 42468247.00 |
| Cash | Cash | RP-40(a) | 10000.00 |
| | Operating | | |
| 150000000 | Sale & Hire Charges | RP-5 | 3930.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 37017222.00 |
| 171000000 | Interest Earned | RP-9 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1130327.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 0.0 |
| 340000000 | Deposits Received | RP-34 | 29293.00 |
| 350000000 | Other Liabilities | RP-36 | 17500.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 146071.00 |
| 460000000 | Loans, Advances and Deposits | RP-47 | 437369.00 |

| | | | |
|---|---|---|---|
| | Grand total | | 81259959.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1987039.00 |
| 220000000 | Administrative Expenses | RP-12 | 781769.00 |
| 230000000 | Operations & Maintenance | RP-13 | 463627.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3452689.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18129992.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4464320.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 67710.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 697750.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | RP-20 | 2579794.00 |
| 280000000 | Prior Period item | RP-26 | -27500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 275852.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 0.0 |
| 340000000 | Deposits Received | RP-34 | 153530.00 |
| 350000000 | Other Liabilities | RP-36 | 17500.00 |
| 410000000 | Fixed Assets | RP-38 | 2146245.00 |
| 412000000 | Capital work in Progress | RP-40 | 3582551.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10000.00 |
| 460000000 | Loans, Advances and Deposits | RP-47 | 680543.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 41796548.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 81259959.00 |

## അനുബന്ധം-5

## 31.03.2020ലെ ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Manjeshwar<br>Block Panchayat<br>BALANCE SHEET | | | |
| As on 31-03-2020 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14083166.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 57142268.00 |
| | Total Reserve & Surplus | | 71225434.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 31192310.00 |
| | Total Grants, Contributions for Specific Purposes | | 31192310.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 219695.00 |
| 350000000 | Other Liabilities | B-9 | 4192606.00 |
| | Total Current Liabilities and Provisions | | 4412301.00 |
| | TOTAL LIABILITIES | | 106830045.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 78229577.00 |
| 411000000 | Accumulated Depreciation | B-11 | -16691337.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 61538240.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 2635000.00 |
| 431000000 | Sundry Debtors (Receivables) | B-15 | 44000.00 |
| 450000000 | Cash and Bank Balance | B-17 | 41796548.00 |
| 460000000 | Loans, Advances and Deposits | B-18 | 816257.00 |

| | |
|---|---|
| Total Current Assets, Loans and Advances | 45291805.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 106830045.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്